**ചരിത്രം**

വി.എ കബീർ

# മുസ്‌ലിംനവോത്ഥാനം: ചില പാർശ്വചിത്രങ്ങൾ

**ഇസ്‌ലാമികലോകത്ത്** നവജാഗരണത്തിന്റെ നാന്ദികുറിക്കപ്പെടുന്നത് 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലാണ്. ഏതെങ്കിലും ഭൂഖണ്ഡത്തിൽ പരിമിതമായ ഒരു പ്രതിഭാസമായിരുന്നില്ല അത്, ലോകാടിസ്ഥാനത്തിൽ തന്നെ അലയടിച്ച ഒരു പ്രതിഭാസമായിരുന്നു. അന്ന് ഉയർന്നുവന്ന പ്രസ്ഥാനങ്ങൾ പ്രത്യക്ഷത്തിൽ പരസ്പരബന്ധിതമായിരുന്നില്ലെങ്കിലും അവയെ ഏകോപിപ്പിക്കുന്ന ഒരു അന്തർധാര നിലനിന്നിരുന്നു. ഏതെങ്കിലും ഒരു പ്രസ്ഥാനം മറ്റൊരു പ്രസ്ഥാനത്തെ സ്വാധീനിച്ചുവെന്ന് കണിശമായി എടുത്തു കാണിക്കുക സുസാധ്യമല്ലെങ്കിലും ആശയപരമായൊരു ഏകീഭാവം അവക്കിടയിൽ ദൃശ്യമായിരുന്നു.

നാൽപതുകളിലാണ് മൗദൂദിയുടെ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി അവിഭക്ത ഇന്ത്യയിൽ ജന്മമെടുക്കുന്നത്. അതിനും മുമ്പ് ഇരുപതുകളിൽതന്നെ ഈജിപ്തിൽ ഹസനുൽബന്നായുടെ പ്രസ്ഥാനമായ ഇഖ്‌വാനുൽ മുസ്‌ലിമൂൻ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞിട്ടുണ്ടായിരുന്നു. ഈജിപ്തിൽ തുടക്കമിട്ട ഇഖ്‌വാന് ഒരു അറബ്മുഖം കൂടി ഉണ്ടായിരുന്നതിനാൽ തുടക്കത്തിൽതന്നെ ഇതര അറബ്നാടുകളിൽ കൂടി അതിന്റെ വേരോട്ടത്തിന് ആസൂത്രിതശ്രമങ്ങളുണ്ടായിട്ടുണ്ട്. സിറിയയിലും ഇറാഖിലും ഇതര അറബ്ദേശങ്ങളിലും ഇതേ പേരിൽതന്നെ ഇസ്‌ലാമികപ്രസ്ഥാനം നിലവിൽവന്നതിന്റെ പശ്ചാത്തലം അതാണ്. അവിഭക്ത ഇന്ത്യയിലെ പ്രത്യേക രാഷ്ട്രീയ പശ്ചാത്തലത്തിൽ ഒരു പ്രബോധകസമൂഹമെന്ന നിലയിൽ മുസ്‌ലിംകളുടെ ഭാവിയെക്കുറിച്ച ഉത്കണ്ഠകളാണ് മൗദൂദിയെ ജമാഅത്തെ ഇസ്‌ലാമി രൂപീകരിക്കുന്നതിലേക്ക് നയിച്ചത്. എന്നാൽ ഇക്കാലത്തൊന്നും ഇഖ്‌വാൻ നേതൃത്വവും മൗദൂദിയും തമ്മിൽ സമ്പർക്കപ്പെട്ടതിനു തെളിവുകളില്ല. മൗദൂദി പാകിസ്താനിലെത്തി പിന്നെയും കുറേ കഴിഞ്ഞ ശേഷമാണ് ഇഖ്‌വാനടക്കം അറബ്ലോകത്തെ ഇസ്‌ലാമിക പ്രസ്ഥാനങ്ങളുമായി സാഹോദര്യ സമ്പർക്കം സ്ഥാപിതമാകുന്നത്. എങ്കിലും മൗദൂദിയുടെയും ഇഖ്‌വാൻ തുടങ്ങിയ അറബ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ സാരഥികളുടെയും ചിന്തകൾ അങ്ങേയറ്റം സമാനത പുലർത്തുന്നവയാണ്. അതിൽ അത്ഭുതത്തിന്നവകാശമില്ല. കാരണം, ഒരേ സ്രോതസ്സിൽനിന്നാണ് -ഖുർആനിൽനിന്നും നബിചര്യയിൽനിന്നും- ആ ചിന്തകൾ രൂപപ്പെടുന്നത്. ഇഖ്‌വാനെ മൗദൂദി സ്വാധീനിച്ചു എന്ന്, സയ്യിദ് ഖുത്ബിന്റെ വിമർശകന്മാരിൽ ചിലരുടെ രസകരമായൊരു 'കണ്ടെത്തലു'ണ്ട്. കഥയറിയാതുള്ള ആട്ടം കാണലായേ അത് വിലയിരുത്താൻ പറ്റൂ.

## രാഷ്ട്രീയ മുഖം

ജീർണമായ മുസ്‌ലിം സാമൂഹികഘടനക്ക് പുതുജീവൻ പകരാൻ ഇസ്‌ലാമികലോകത്ത് ഉയർന്നുവന്ന പ്രസ്ഥാനങ്ങൾക്കൊക്കെയും ഒരു രാഷ്ട്രീയ മുഖംകൂടി ഉണ്ടായിരുന്നുവെന്നത് ചരിത്ര വിദ്യാർഥികൾക്ക് എളുപ്പം കണ്ടെത്താൻ കഴിയുന്ന സത്യമത്രെ. ലോക മുസ്‌ലിംകളെ ഏകീകരിച്ചു നിർത്തിയിരുന്ന ഉസ്മാനിയ്യാ ഖിലാഫത്തിന്റെ പതനം ഏതെങ്കിലും വിധത്തിലുള്ള ഒരു രാഷ്ട്രീയശക്തിയുടെ പുനഃസൃഷ്ടിയെക്കുറിച്ച് ചിന്തിക്കാൻ നവോത്ഥാനസാരഥികളെ പ്രേരിപ്പിച്ചത് സ്വാഭാവികമായിരുന്നു. മുസ്‌ലിംലോകത്തെ കൊളോണിയൽ ശക്തികൾ വീതംവെച്ചെടുത്ത് ലോക മുസ്‌ലിംകളുടെ രാഷ്ട്രീയമായ ഇഛാശക്തിയെ തളർത്തിയ കാലമായിരുന്നു അത്. ഒരുവശത്ത് തുർക്കീദേശീയതയും മറുവശത്ത് അറബ്ദേശീയതയും ഊട്ടിവളർത്തി അവയെ പരസ്പരം പോരടിപ്പിച്ചുകൊണ്ട് രാഷ്ട്രീയ മുതലെടുപ്പ് നടത്തുകയായിരുന്നു കൊളോണിയൽ ശക്തികൾ. ആഭ്യന്തര സംസ്കരണത്തോടൊപ്പം അധിനിവേശശക്തികൾക്കെതിരിലുള്ള ചെറുത്തുനിൽപും ഈ നവോത്ഥാനസംരംഭങ്ങളുടെ ഭാഗമായിത്തീരുന്നത് അങ്ങനെയാണ്. തീർത്തും അരാഷ്ട്രീയമായ ഒരു സംസ്കരണപ്രസ്ഥാനം ഇക്കൂട്ടത്തിൽ കണ്ടെത്തുക പ്രയാസം. ശുദ്ധ സൂഫി പശ്ചാത്തലമുള്ള സുഡാനിലെ മഹ്ദീ പ്രസ്ഥാനം, ലിബിയയിലെ സനൂസി പ്രസ്ഥാനം, ഇന്ത്യയിൽ സയ്യിദ് ഇസ്മാഈൽ ശഹീദ് തുടങ്ങിയവർ നേതൃത്വം നൽകിയ മുജാഹിദീൻ പ്രസ്ഥാനം, ശൈഖ്

മുഹമ്മദ് അബ്ദുൽ വഹാബിന്റെ ശിഷ്യത്വം സ്വീകരിച്ച അബ്ദുൽ അസീസുബ്നു സുഊദ്, ലോറൻസിന്റെ കുതന്ത്രങ്ങൾക്ക് വിധേയനായി തുർക്കീസാമ്രാജ്യത്വത്തിനെതിരെ അറേബ്യൻദേശീയതയുടെ വേഷമിട്ട് രംഗത്തുവന്ന ശരീഫ് ഹുസൈനെതിരെ നടത്തിയ പടപ്പുറപ്പാട്- ഇവയിലൊക്കെ ഈ രാഷ്ട്രീയ മുഖം തെളിഞ്ഞു കാണാം.

## മാറ്റൊലി കേരളത്തിലും

ലോകതലത്തിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ചലനങ്ങളുടെ മാറ്റൊലികൾ അന്ന് ബ്രിട്ടീഷ് രാജിന്റെ ഭാഗമായിരുന്ന ഇന്ത്യയിലും ഇങ്ങ് തെക്കേ അറ്റത്തുള്ള കേരളത്തിലും മുഴങ്ങാതിരുന്നില്ല. അലി സഹോദരന്മാരുടെയും മൗലാനാ ആസാദിന്റെയും മറ്റും നേതൃത്വത്തിൽ നിലവിൽവന്ന ഖിലാഫത്ത് പ്രസ്ഥാനത്തിന് കേരളത്തിലും വേരോട്ടം ലഭിക്കുകയുണ്ടായി. 1921-ലെ മാപ്പിള ലഹള എന്ന പേരിലറിയപ്പെടുന്ന പാളിപ്പോയ സംഭവം ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഭാഗം തന്നെയായിരുന്നു. പരിണതി എന്തായിരുന്നാലും ലോകാടിസ്ഥാനത്തിലുള്ള ഈ സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയാവബോധം അക്കാലത്തെ കേരള മുസ്‌ലിംമനസ്സ് ഉൾക്കൊണ്ടിരുന്നു എന്നാണ് ഇത് തെളിയിക്കുന്നത്.

വിശ്വാസപരവും ആചാരപരവുമായ ജീർണതകൾക്കെതിരിൽ രംഗത്തുവന്ന കേരളത്തിലെ സംസ്കരണപ്രസ്ഥാനങ്ങൾക്കും വ്യക്തിത്വങ്ങൾക്കും മുഖ്യ പ്രചോദകകേന്ദ്രങ്ങളായിരുന്നു ജമാലുദ്ദീൻ അഫ്ഗാനി, മുഹമ്മദ് അബ്ദു, റശീദ് രിദാ തുടങ്ങിയ നവോത്ഥാന സാരഥികൾ. സാമ്രാജ്യത്വവിരുദ്ധമായ തെളിഞ്ഞ രാഷ്ട്രീയ വീക്ഷണം ഉള്ളവരായിരുന്നു ഇവരൊക്കെ. പാൻ ഇസ്‌ലാമിസത്തിന്റെ വക്താവായിരുന്നു അഫ്ഗാനി. ധൈഷണിക രംഗത്തും രാഷ്ട്രീയരംഗത്തും ഒരുപോലെ നിറഞ്ഞുനിന്ന് അഫ്ഗാനിയുടെ സാന്നിധ്യം അനുഭവിക്കാത്ത നാടുകൾ കുറവാണ്. സാമ്രാജ്യശക്തികളുടെ കണ്ണിൽകരടായ അഫ്ഗാനി ആഗോളതലത്തിൽ ഒരു ഇസ്‌ലാമികശക്തിയെ രൂപപ്പെടുത്തിയെടുക്കാനുള്ള യത്നത്തിലായിരുന്നു. കോളനി ഭരണാധികാരികൾ തങ്ങൾക്ക് സ്വാധീനമുള്ളിടത്തുനിന്നെല്ലാം അദ്ദേഹത്തെ പുറത്താക്കിക്കൊണ്ടിരുന്നു. *അൽ ഉർവതുൽവുസ്ഖാ* എന്ന അറബി പത്രം പാരീസിൽവെച്ചാണ് അദ്ദേഹം പ്രസിദ്ധപ്പെടുത്തുന്നത്. അദ്ദേഹത്തിന്റെ ശിഷ്യനും വലം കൈയുമായ മുഹമ്മദ് അബ്ദുവാകട്ടെ ഈജിപ്തിൽ നടന്ന ഉറാബീ വിപ്ലവത്തിൽ പങ്കെടുത്തതിന്റെ പേരിൽ ശിക്ഷയനുഭവിച്ച വ്യക്തിയാണ്. മുഹമ്മദ് അബ്ദുവിന്റെ ശിഷ്യനും *അൽമനാർ* പത്രാധിപരുമായിരുന്ന റശീദ് രിദാക്ക് ഈ അളവിലുള്ളൊരു രാഷ്ട്രീയ പ്രവർത്തന പാരമ്പര്യമില്ലെങ്കിലും അരാഷ്ട്രീയക്കാരനായി അദ്ദേഹത്തെയും തീരെ എഴുതിത്തള്ളാൻ പറ്റുകയില്ല. ശരീഫ് ഹുസൈനെതിരിൽ പടയോട്ടം നയിച്ച് ജയിച്ച ഇബ്നു സുഊദ് മക്കയിൽ വിളിച്ചുകൂട്ടിയ ലോക മുസ്‌ലിം കോൺഫറൻസി(അൽ-മുഅ്തമറുൽ ഇസ്‌ലാമി)ന്റെ പ്രധാന അമരക്കാരിലൊരാൾ റശീദ് രിദാ തന്നെയായിരുന്നു. ഇന്ത്യയിൽനിന്ന് ഖിലാഫത്ത് കമ്മിറ്റിയെ പ്രതിനിധീകരിച്ച് മൗലാനാ മുഹമ്മദലി ഈ കോൺഫറൻസിൽ പങ്കെടുക്കുകയുണ്ടായി. ഹിജാസിൽ ലോക മുസ്‌ലിംകളുടെ ജനാധിപത്യഭരണം സ്ഥാപിക്കണമെന്നതായിരുന്നു മൗലാനാ മുഹമ്മദലിയുടെ ആഗ്രഹം. ശരീഫ് ഹുസൈനെതിരെ പടനീക്കമാരംഭിച്ച ഘട്ടത്തിൽ ഇബ്നു സുഊദ് അപ്രകാരമൊരു വാഗ്ദാനം നൽകിയിട്ടുമുണ്ടായിരുന്നു. അതുകൊണ്ടാണ് 'വഹാബി വിരോധികളായ' തന്റെ ചില സഹപ്രവർത്തകരുടെയും ഖുദ്ദാമുൽ ഹറമൈൻ തുടങ്ങിയ 'വഹാബി വിരുദ്ധ' സംഘടനകളുടെയും അനിഷ്ടം വകവെക്കാതെ ഇബ്നു സുഊദിന്റെ നീക്കങ്ങൾക്ക് മുഹമ്മദലി കലവറയില്ലാതെ പിന്തുണ നൽകിയിരുന്നത്. എന്നാൽ ഹിജാസ് വിമോചനത്തിനു ശേഷം നജ്ദിലെയും ഹിജാസിലെയും ജനാഭിപ്രായം മാനിച്ച് ഹിജാസിൽ രാജവാഴ്ച പ്രഖ്യാപനം ചെയ്യുകയായിരുന്നു ഇബ്നു സുഊദ്. ലോക മുസ്‌ലിം കോൺഫറൻസിൽ പങ്കെടുത്ത് മുഹമ്മദലി ചെയ്ത പ്രസംഗത്തിൽ ഇബ്നു സുഊദിന്റെ നടപടിയെ കഠിനമായി വിമർശിച്ചു. ഇബ്നു സുഊദിനെ അഭിമുഖീകരിച്ച് അദ്ദേഹം ചോദിച്ചു: "നിങ്ങൾ ഖുർആനും നബിചര്യയും പിൻപറ്റുന്ന ആളാണല്ലോ. രാജവാഴ്ച നബിയുടെ മാതൃകയല്ല. കിസ്രായുടെയും കൈസറിന്റെയും മാതൃകയാണ്. എന്തുകൊണ്ടാണ് അത് നിങ്ങൾ സ്വീകരിക്കുന്നത്?"

മൗലാനാ മുഹമ്മദലിയുടെ ഈ നടപടിയെ അതിരൂക്ഷമായി വിമർശിച്ചുകൊണ്ട് റശീദ് രിദാ അന്ന് *അൽഅഹ്റാമിൽ* ഒരു ലേഖനമെഴുതുകയുണ്ടായി. അക്കാലത്ത് അസ്ഹറിൽ വിദ്യാർഥിയായിരുന്ന അബുസ്സ്വബാഹ് മൗലവിയാണ് *അൽഅഖ്ബാറിൽ* നാലു ലക്കങ്ങളിലായി അതിനൊരു പ്രത്യാഖ്യാനമെഴുതിയത്. മുസ്‌ലിംസമൂഹത്തിന്റെ പുനഃസംരചനയെക്കുറിച്ച് അക്കാലത്ത് നടന്ന ആലോചനകളിൽ രാഷ്ട്രീയം ഒരു മുഖ്യ വിഷയം തന്നെയായിരുന്നു എന്ന് തെളിയിക്കുന്ന സംഭവങ്ങളാണ് ഇതൊക്കെ.

## അൽമനാറും ഇസ്‌ലാമിക് റവ്യൂവും

കേരള മുസ്‌ലിം നവോത്ഥാനത്തിൽ സ്വാധീനം ചെലുത്തിയ രണ്ടു പത്രപ്രസ്ഥാനങ്ങളാണ് ഈജിപ്തിൽനിന്ന് റശീദ് രിദാ പ്രസിദ്ധീകരിച്ചിരുന്ന *അൽമനാറും* ഇംഗ്ലണ്ടിൽനിന്ന് ഖോജ കമാലുവും മറ്റും പ്രസിദ്ധപ്പെടുത്തിയിരുന്ന *ഇസ്‌ലാമിക് റവ്യൂ*വും. നവോത്ഥാനവിഷയ

ത്തിൽ പ്രാതഃസ്മരണീയനായ വക്കം മൗലവി *അൽ മനാറി*ന്റെ വായനക്കാരനായിരുന്നു. അദ്ദേഹത്തിന്റെ ശേഷം പുറത്തിറങ്ങിയ *അൽമുർശിദ്*, അറബിമലയാള മാസികക്കും *അൽമനാർ* പ്രചോദനകേന്ദ്രമായിരുന്നു. *അൽമുർശിദി*ന്റെ പിൻഗാമിയായി മലയാള ലിപിയിലിറങ്ങിയ പത്രം സ്വീകരിച്ച പേര് *അൽമനാർ* എന്നായിരുന്നു എന്നതും ഇവിടെ സ്മരണീയമാണ്.

മതവിദ്യാഭ്യാസ പശ്ചാത്തലമുള്ളവർ *അൽമനാറി*നോട് കമ്പം കാട്ടിയപ്പോൾ ആധുനിക വിദ്യാഭ്യാസം നേടിയ സീതി സാഹിബിനെപ്പോലുള്ള ചെറുപ്പക്കാരെ ആകർഷിച്ചത് *ഇസ്‌ലാമിക് റവ്യൂ* ആണ്. ഇംഗ്ലീഷിലിറങ്ങിയ ഈ പ്രസിദ്ധീകരണം പടിഞ്ഞാറൻ ചിന്തകളോട് അൽപം ചായ്‌വ് പുലർത്തുന്നതായിരുന്നെങ്കിലും ചിന്താലോകത്ത് ചലനം സൃഷ്ടിക്കുന്നതിൽ അതിന്റേതായ പങ്ക് വഹിക്കുകയുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ചവരിൽ പരിമിതമായിരുന്നു ഇതിന്റെ സ്വാധീനം. അതേ സമയം അറബിമലയാളത്തിലിറങ്ങിയതിനാൽ *അൽമുർശിദി*ന്റെ സ്വാധീനം സാധാരണക്കാർക്കിടയിൽ കൂടുതൽ വ്യാപകമായിരുന്നു.

ഉത്തരേന്ത്യക്കാരും വിദേശികളുമായ പലരുടെയും ലേഖനങ്ങൾ താൽപര്യപൂർവം ഇതിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ലേഖന സ്വീകാരത്തിൽ വിഭാഗീയത കാണിച്ചിരുന്നില്ല. ദുറൂസ് വിഭാഗത്തിൽ പെട്ട ആളായിരുന്നിട്ടും ശകീബ് അരിസ്‌ലാന്റെ ലേഖന പരമ്പരകൾ ഇതിൽ പ്രസിദ്ധീകൃതമാവുകയുണ്ടായി. ഇന്ത്യൻ മുസ്‌ലിംകളുടെ രാഷ്ട്രീയ നിലപാടുകളെ നിരൂപണം ചെയ്തുകൊണ്ട് *തർജുമാനുൽ ഖുർആനിൽ* മൗദൂദി എഴുതിയ *മുസൽമാൻ ഔർ മൗജൂദ സിയാസീ കശ്മകശും* തർജമ ചെയ്ത് ഇതിൽ വെളിച്ചം കാണുകയുണ്ടായി. മാത്രമല്ല, *അൽഇസ്‌ലാം വൽ ഖൗമിയ്യത്തുൽ മുത്തഹദ* എന്ന ശീർഷകത്തിൽ അതിന്റെ ഒരു അറബി സംഗ്രഹം നന്ദിപൂർവം പത്രത്തിന്റെ അറബി പേജിൽ പ്രസിദ്ധീകരിച്ചതായി കാണാം. പ്രസ്തുത ലേഖനം അവസാനിക്കുന്നത് ഇങ്ങനെയാണ്: "നമ്മുടെ ഇന്ത്യാരാജ്യത്ത് ഏകാത്മകദേശീയതയുടെ വിപത്തുകളെക്കുറിച്ച് ആഴത്തിൽ ഗ്രഹിച്ച സത്യസന്ധനും വിശ്വാസിയുമായ ഒരു വിവേകശാലിക്ക് ഉയിരേകിയ ദൈവത്തിനു നന്ദി. സയ്യിദ് അബുൽഅഅ്ലാ എന്നാണ് അദ്ദേഹത്തിന്റെ പേര്. *തർജുമാനുൽ ഖുർആൻ* എന്ന അദ്ദേഹത്തിന്റെ പത്രികയുടെ പ്രസിദ്ധീകരണത്തിലൂടെ ഇസ്‌ലാമിന്റെ മാർഗത്തിൽ യഥാവിധി ജിഹാദ് ചെയ്യാൻ അല്ലാഹു അദ്ദേഹത്തിനു ഉതവി നൽകുമാറാകട്ടെ" (*അൽമുർശിദ്* 1938 ഡിസംബർ 1939 ഫെബ്രുവരി).

പിൽക്കാലത്ത് മൗദൂദിയുടെ പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമിയുടെ ശാഖ കേരളത്തിൽ സ്ഥാപിതമായപ്പോൾ അന്നത്തെ പരിഷ്കരണ പ്രസ്ഥാനത്തിൽനിന്നുള്ളവർ തന്നെയാണ് ഏറിയകൂറും അതിലേക്ക് ആകൃഷ്ടരായത്. അതൊരു വ്യതിയാനമായിരുന്നില്ല. സ്വാഭാവികമായ വളർച്ചയും തുടർച്ചയുമായിരുന്നു. ഇസ്‌ലാമികമായൊരു ലോക വീക്ഷണം ആലോചനാശീലർക്കിടയിൽ അതിനകം പാകപ്പെട്ടു വന്നിട്ടുണ്ടായിരുന്നു. ജമാഅത്തിന്റെ രംഗപ്രവേശത്തോടെ അതിനൊരു മൂശ ലഭ്യമായി എന്നു മാത്രം.